ടി പദ്ധതിയ്ക്കായി 2015-16 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതമായി 150 കോടി രൂപ ലഭിച്ചതിൽ 85 കോടി രൂപ ഭവന നിർമ്മാണത്തിന് വിവിധ ജില്ലകൾക്ക് അനുവദിയ്ക്കുകയും അതിൽ 30 കോടി രൂപ നാളിതുവരെ ചെലവഴിക്കുകയും ചെയ്തു. ശേഷിക്കുന്ന 65 കോടി രൂപ വയനാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും 50 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് സുസ്ഥിര വികസന പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭഘട്ടത്തിലാണ്.

(സി&ഡി) എല്ലാ പദ്ധതികളും യഥാസമയം നടപ്പിലാക്കി വരുന്നുണ്ട്.

(ഇ) സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി പ്രഖ്യാപിച്ചശേഷം നാളിതുവരെ നല്കിയ വീടുകളുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

(എഫ്) 2014-15-ലെ കണക്കുപ്രകാരം 6064 പേർക്കും അതിനുശേഷം പുതുതായി പേരുചേർക്കപ്പെട്ട പട്ടികവർഗ്ഗ ഭവനരഹിത കുടുംബങ്ങൾക്കുംകൂടി വീട് നൽകേണ്ടതുണ്ട്. ഐ.എ.വൈ. പദ്ധതിയുടെ 2015-16 സാമ്പത്തിക വർഷത്തെ വിഹിതമനുസരിച്ച് 9337 വീടുകൾകൂടി ലഭ്യമാകുന്നതാണ്.

പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വൈദ്യുതി

246(2451) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ പട്ടികവർഗ്ഗ സങ്കേതത്തിലും വൈദ്യുതിയും സോളാർ ലൈറ്റുകളും ലഭ്യമാക്കിയതു സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ;

(ബി) ഇതിനായി ഓരോ വർഷവും എത്ര തുക ബഡ്ജറ്റിൽ നീക്കി വച്ചുവെന്നും എത്ര തുക ഇതിനായി ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

ഉത്തരം

(എ) പട്ടികവർഗ്ഗ ഉപപദ്ധതിയുടെ പ്രധാനപ്പെട്ട പദ്ധതികളായ കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട് ഭരണഘടനയുടെ ആർട്ടിക്കിൾ 275 (1) പ്രകാരമുള്ള പദ്ധതി, ഹാംലെറ്റ് ഡെവലപ്മെന്റ്, അഡീഷണൽ ട്രൈബൽ സബ്പ്ലാൻ, പ്രാക്തനഗോത്ര വർഗ്ഗക്കാരുടെ സമഗ്ര വികസന പദ്ധതി തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വൈദ്യുതിയും സോളാർ ലൈറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബഡ്ജറ്റിൽ വൈദ്യുതീകരണത്തിനും, സോളാർ ലൈറ്റ് സ്ഥാപിക്കുന്നതിനും പ്രത്യേക ശീർഷകമായി തുക വകയിരുത്തിയീരുന്നില്ല. എന്നാൽ കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, അഡീഷണൽ ടൈബൽ സബ്പ്ലാൻ, ഭരണഘടനയുടെ ആർട്ടിക്കിൾ 275(1) പ്രകാരമുള്ള പദ്ധതി, ഹാംലെറ്റ് ഡവലപ്മെന്റ് എന്നീ പ്രധാനപ്പെട്ട പദ്ധതികൾ മുഖേന ജില്ലാ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ ലഭ്യമാകുന്ന മറ്റ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഓരോ വർഷവും വൈദ്യുതീകരണത്തിനും സോളാർ ലൈറ്റുകൾ സ്ഥാപിക്കുന്നതിനുമായി അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു: (തുക ചെലവഴിച്ചുവരുന്നു.)

ക്രമ നമ്പർ	വർഷം	അനുവദിച്ച തുക (തുക ലക്ഷത്തിൽ)
1	2011-12	43.23
2	2012-13	216.08
3	2013-14	290.94
4	2014-15	967.46
5	2015-16	349.53

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനാനുകൂല്യങ്ങൾ

247(2452) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിലവിൽ എന്തെല്ലാം പഠനാനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഓരോ ആനുകൂല്യവും എത്ര പേർക്ക് വീതം നൽകുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ആനുകൂല്യങ്ങളിൽ ഓരോന്നിലും എത്ര മാസത്തെ ഗഡുക്കൾ കുടിശ്ശികയുണ്ടെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly